# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: എൽ.എഫ്.കെ.പി7/768/2021 തീയതി 29/06/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/06/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണങ്ങാനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: എൽ.എഫ്.കെ.പി7/768/2021 തീയതി 29/06/2021

തീയ്യതി: 30/06/2021

## <u>കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ | 18-06-2021 | 28-06-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പി ജി പ്രസാദ്, ഓഡിറ്റ് ഓഫീസർ(ഹഗ്രേ)
കെ എ അനിതകുമാരി,ഓഡിറ്റ്ഓഫീസർ(ഹഗ്രേ)
ഷാന്റിജോർജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജേഷ് എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാത്യുക്കുട്ടി മാത്യു | പ്രസിഡന്റ് | 01-04-2019 | 02-08-2019 |
| മോളിബേബി | പ്രസിഡന്റ് | 03-08-2019 | 28-08-2019 |
| സാബി എ തോമസ് | പ്രസിഡന്റ് | 29-08-2019 | 31-03-2020 |
| സലിൽ എവുജിൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ഗ്രീഷ്മ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ആശ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2019 | 09-01-2020 |
| ധനലക്ഷ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-01-2020 | 02-02-2020 |
| അലീനാ നീറോ | അസിസ്റ്റന്റ് എഞ്ചിനീയർ | 03-02-2020 | 31-03-2020 |
| രങ്കു സുരേഷ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| വനജകുമാരി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 12-09-2019 |
| സ്വപ്നചന്ദ്രൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 12-09-2019 | 30-11-2019 |
| സബീനാബീവി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ഡോ പ്രറ്റി രാജ് | മെഡിക്കൽ ഓഫീസർ സി എച്ച്സി | 01-04-2019 | 04-08-2019 |
| ഡോ മെറിൻ ജോസ് | മെഡിക്കൽ ഓഫീസർ സി എച്ച്സി | 04-08-2019 | 31-03-2020 |
| ഡോ അജിൻ ജോസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ലക്ഷ്മി എം ഭട്ട് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| റജിമോൾ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 19-10-2019 |
| നിമിഷാ അഗസ്റ്റ്യൻ | കൃഷി ഓഫീസർ | 19-10-2019 | 30-11-2019 |
| അഖിൽ കെ രാജു | കൃഷി ഓഫീസർ | 30-11-2019 | 31-03-2020 |
| ഡോ. ബിന്ദു തെരേസ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 20-11-2019 |
| ഡോ അനൂപ് ജോസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 21-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ലതീഷ്കുമാർ പി ഒ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അനിൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ജോൺസൺ കെ എസ് | ഹെഡ്മാസ്റ്റർ | 01-04-2019 | 20-11-2019 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്. | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തികവിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം. | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപദ്ധതികൾ. | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി. | 1-7 |
| 8 | കാഷ്ബാലൻസ് പരിശോധന. | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ചട്ടങ്ങൾ - നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-10 |
| 11 | നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-11 |
| 12 | സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് പ്രോജക്ടുകൾ - അപാകത. | 1-12 |
| 13 | ഐ.സി.ഡി.എസ് -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ. | 1-13 |
| 14 | ജാഗ്രതാസമിതി - തനതുഫണ്ട് ചെലവിലെ വ്യത്യാസം ക്രമീകരിച്ചില്ല. | 1-14 |
| 15 | എസ്.സി വിദ്യാർഥികൾക്ക് പഠനമുറി -പൂർത്തീകരിച്ചില്ല. | 1-15 |
| 16 | ആശ്രയപദ്ധതി- ഭവനപുനരുദ്ധാരണം പൂർത്തിയായില്ല. | 1-16 |
| 17 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -കാലിത്തീറ്റ കൈപ്പറ്റിയില്ല- സബ്സിഡി തുക തിരികെ വാങ്ങാത്തത്. | 1-17 |
| 18 | കരാറുകാരനിൽ നിന്നീടാക്കിയ പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായില്ല. | 1-18 |
| 19 | കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ - മുതൽ കൂട്ടിയില്ല.. | 1-19 |
| 20 | ടെണ്ടർഫാറവില പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല. | 1-20 |
| 21 | നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല. | 1-21 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ. | 4-5 |
| 6 | ഓഡിറ്റ് റിക്കവറി. | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്:

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് 15.02.2019 ലെ 1/1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. തുടർന്ന് 7.02.2020ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി അംഗീകരിക്കുകയും ചെയ്തു. എന്നാൽ ബജറ്റു പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർഥ വരവു ചെലവുകളും തമ്മിൽ സാരമായ വ്യത്യാസം നിലനില്ക്കുന്നതിൽ നിന്നും ബജറ്റ് തയാറാക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കങ്ങളോ,പഠനങ്ങളോ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചില്ല എന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് രാജ് നിയമങ്ങൾ പാലിച്ച് ബജറ്റ് തയാറാക്കുന്നതിൽ കൂടുതൽ ശാസ്ത്രീയ സമീപനം സ്വീകരിക്കേണ്ടതാണ്.

| ഇനം | ബജറ്റ് പ്രതീക്ഷ | പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരം | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 8532376 | 8532376 | 15692109.61 |
| വരവ് | 108750312 | 104511312 | 54902599 |
| ആകെ | 117282688 | 113043688 | 70594708.61 |
| ചെലവ് | 105735312 | 105455841 | 50057970 |
| നീക്കിയിരിപ്പ് | 11547376 | 7587847 | 20536738.61 |

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 06.05.20-ലെ 5/2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 1,56,92,109.61 രൂപയും തൻവർഷ വരവ് 5,49,02,599.00 രൂപയും തൻവർഷചെലവ് 5,00,57,970.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 2,05,36,738.61രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 7,12,79,470.00 രൂപയും ആകെ ചെലവ് 6,74,56,008.00 രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ 3,417.00 രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തന മിച്ചം 38,20,045.00 രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.20 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 7,62,15,003.66 രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 5,92,67,764.95 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 1,69,47,238.71 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത്ഫണ്ടിന്റെ കൃത്യത

ഉറപ്പാക്കാൻ സാധിക്കുന്നില്ല.

3)വസ്തുനികുതിയുടെ വാർഷികധനകാര്യപത്രികപ്രകാരമുള്ള ഡി.സി.ബി.തുകകൾ സഞ്ചയപ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

6)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തികവിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 1,56,92,109.61 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,49,02,599.00 |
| ആകെ | 7,05,94,708.61 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,00,57,970.00 |
| നീക്കിയിരിപ്പ് | 2,05,36,738.61 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 171650/- |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 8565015 | 8565015 | 8127015 | 438000 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 1740000 | 1740000 | 1220000 | 520000 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 97000 | 97000 | 92489 | 4511 |
| മെയിന്റനൻസ്, റോഡ് | | 0 | 19280000 | 19280000 | 10218990 | 9061010 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3251000 | 3251000 | 1507939 | 1743061 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 6468595 | 6468595 | 2184919 | 4283676 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 11411485 | 11411485 | 11411485 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5252 | 923473 | 928795 | 926725 | 2000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 1486838 | 362577 | 1849415 | 1031885 | 817530 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി എസ് | | | | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 899749 | 5244 | 904993 | 300244 | 604749 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ<br>റ്റി എസ് സി | 45047 | 00 | 45047 | 43164 | 1883 |
| ജലനിധി | 278486 | 2926062 | | 2840459 | 364089 |

ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട പൊതു നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

- വികസനഫണ്ട് സോഴ്സിൽ കുറവുചെയ്ത 1199529.00 രൂപ വാർഷികകണക്കിൽ പ്രതിഫലിച്ചിട്ടില്ല.
- വികസനഫണ്ട് പൊതു വിഭാഗത്തിൽ 96.04 % ചെലവഴിച്ചപ്പോൾ 3.34 ലക്ഷം നഷ്ടപ്പെടുത്തി
- വികസനഫണ്ട് എസ് സി പി വിഹിതത്തിൽ 70.11% ചെലവാണ് നടന്നത്
- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 64.68 ലക്ഷത്തിൽ 21.84 ലക്ഷം മാത്രമാണ് ചെലവഴിച്ചത് (33.78%)
- മെയിന്റനൻസ് ഗ്രാൻറ് റോഡിതരത്തിൽ 46.38% വും റോഡിനത്തിൽ 53% വും മാത്രമാണ് ചെലവ് നടന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 27.1.2020 ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 28.10.18മുതൽ<br>04.11.18വരെ |
| ഭിന്നശേഷി ഗ്രാമസഭ | 30.11.18 |
| ഊരുകൂട്ട ഗ്രാമസഭ | 23.11.18 |
| വികസനസെമിനാർ | 21.11.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 9,53,80,296 രൂപയും ആകെ ചെലവ് 3,46,03,098രൂപയുമാണ്. ചെലവ് 36%. 41 സ്പിൽഓവർ പ്രോജക്ടുകളും 121 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 162 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 127 എണ്ണം തൻവർഷം നടപ്പാക്കിയെങ്കിലും 99 എണ്ണം മാത്രമാണ് തൻവർഷ അലോട്ട്മെന്റിൽ നിന്ന് പണമാക്കാൻ സാധിച്ചത്.ബാക്കിയുള്ളവ ക്യൂ ബില്ലാകുകയും2020-21 വർഷത്തെ അലോട്ട്മെന്റിൽ നിന്ന് മാറ്റപ്പെടുകയും ചെയ്തിട്ടുണ്ട്. ക്യൂ ബില്ലുകൾക്കാവശ്യമായ44ലക്ഷത്തോളം രൂപ 2020-21 വർഷത്തെ അലോട്ട്മെന്റിൽ നിന്ന് കണ്ടെത്തേണ്ടി വരികയും ചെയ്തു.അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായ 103 പ്രോജക്ടുകളിൽ 46 എണ്ണം മാത്രമാണ് തൻവർഷ അലോട്ട്മെന്റിൽ നിന്ന് പണമാക്കാൻ സാധിച്ചിട്ടുള്ളത്.വിവിധ മരാമത്തുപ്രവൃത്തികൾക്ക് വകയിരുത്തിയ 3,22,24,505 രൂപയിൽ 1,19,06,534 രൂപ മാത്രമാണ് തൻവർഷം പണമാക്കിയിട്ടുള്ളത്.അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ആവശ്യമായ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് പേയ്മെന്റ് നടത്തുകയും സാമ്പത്തികവർഷാവസാനം ബില്ലുകൾ കൂട്ടമായി സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വാർഷികപദ്ധതിരൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ 16.10.18 ,21.11.18, 15.12.19 എന്നീ തീയതികളിൽ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടുണ്ട്.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 ക്ഷേമപദ്ധതികൾ.</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8880 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 893400 | 278 |
| വിധവാപെൻഷൻ | 1340400 | 396 |
| വാർദ്ധക്യകാലപെൻഷൻ | 4086900 | 1228 |
| വികലാംഗപെൻഷൻ | 795600 | 241 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 100800 | 31 |
| വിവാഹധനസഹായം | 30000 | 1 |

## <u>1-7 തൊഴിലുറപ്പപദ്ധതി.</u>

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20വർഷം സാങ്കേതിക അനുമതി ലഭിച്ച 71 പ്രോജക്ടുകളിൽ 31 എണ്ണം മാത്രം തൻവർഷം

നടപ്പിലാക്കി. 36877 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 111 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, നേഴ്സറി നിർമ്മാണം, ഫലവൃക്ഷതൈകൾ വെച്ച്പിടിപ്പിക്കൽ, ലൈഫ് ഭവനം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 5252 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 11411485 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 923473 | |
| ആകെ | | | 12340210 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 10157279.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1254206.00 | |
| | ഉപകരണങ്ങളുടെ വില, വാടക<br>ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 621725.00 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | 305000 | |
| | | | 12338210 |
| നീക്കിയിരിപ്പ് | | | 2000.00 |

## 1-8 കാഷ്ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3783/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ട നിലയിലാണുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിൽ പരസ്പര ഏകോപനം നിലനില്ക്കുന്നതിനാൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് കൃത്യമായി ജോലികൾ വിഭജിച്ച് നല്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട യോഗങ്ങൾ എന്നിവയെല്ലാം കൃത്യമായി ചേരുകയും നടപടികളുടെ മിനിറ്റ്സുകൾ ശരിയായി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തെ ഫലപ്രദമാക്കുന്നതിൽ ഭരണസമിതിയുടെ പ്രവർത്തനം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.ജീവനക്കാരുടെയും ഭരണസമിതിയുടെയും കൃത്യമായ ഏകോപനം വാർഷികപദ്ധതി നിർവഹണത്തിലും ,ഗ്രാമപഞ്ചായത്തിന്റെ ചുമതലാനിർവഹണത്തിലും കാര്യക്ഷമത പുലർത്താൻ സഹായിക്കുന്നു. ചെലവുകളുടെ വൗച്ചറുകളും അനുബന്ധരേഖകളും ശരിയായി സൂക്ഷിച്ചിട്ടുണ്ട്. കാഷ്,ബാങ്ക് അക്കൗണ്ട് എന്നിവ കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മതയും കൃത്യതയും

പുലർത്തുന്നു.നികുതി ,നികുതിയേതര വരുമാനങ്ങളുടെ പിരിവിലും കാര്യക്ഷമത പുലർത്തുന്നു.വിവരാവകാശനിയമം, സേവനാവകാശനിയമം, പൗരാവകാശരേഖ എന്നിവയിലെ നിഷ്കർഷകൾ കൃത്യമായി പാലിക്കുന്നു. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്ഥാപനതലനടപടികൾ, തുകയുടെ ഈടാക്കലുകൾ, അധികരേഖകൾലഭ്യമാക്കൽ എന്നിങ്ങനെ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസം മൂലം പല വർഷങ്ങളിലെയും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വിധേയമാക്കണമെന്ന നിഷ്കർഷ പാലിക്കുന്നില്ല.
സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരിക്കുന്നു വെന്നാണ് പരിശോധനകളിൽ വ്യക്തമാകുന്നത്.

## 1-10 നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ചട്ടങ്ങൾ - നടപടിക്രമങ്ങൾ പാലിച്ചില്ല.

2018 ലെ കേരളാ നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ചട്ടങ്ങൾ നിലവിൽ വന്നതോടെ 1996 ലെ കേരള പഞ്ചായത്ത് രാജ് - ഡി & ഒ ലൈസൻസ് ചട്ടങ്ങൾക്ക്, സ.ഉ (പി) നം. 80/ 2017/ ത.സ്വ.ഭ.വ തീയതി. 31.10.2017 പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പുതുക്കിയ നിയമപ്രകാരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനായുള്ള അപേക്ഷസമർപ്പിക്കൽ തുടങ്ങി ലൈസൻസ് നൽകൽ, ലൈസൻസ് പുതുക്കൽ ഇങ്ങനെ എല്ലാ നടപടികൾക്കും പുതിയ ഫോമുകളും മററും ഉപയോഗിക്കേണ്ടതാണ്.കൂടാതെ വ്യാപാര സ്ഥാപനങ്ങൾ, പുതുസംരംഭക പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് ആധാരമാക്കിയാണ് ലൈസൻസ് ഫീ നിശ്ചയിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം ഓഡിറ്റ് വർഷം സമർപ്പിക്കപ്പെട്ടിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ലഭ്യമല്ല. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് നൽകുമ്പോൾ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച് ഇനം തിരിച്ചുള്ളതും ആധികാരികവുമായ വിവരണവും സ്ഥിരീകരണവും ഉണ്ടാകേണ്ടതാണ്. മുൻവർഷ ഓഡിററിലും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിഹാരനടപടി ഉണ്ടായിട്ടില്ല.ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-11 നിക്ഷേപപ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ അരീക്കുന്ന്,പാമ്പൂരാൻപാറ എന്നീ കുടിവെള്ളപദ്ധതികൾക്ക് പുതിയ കുഴൽക്കിണർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം 1,71,650 രൂപ (വൗച്ചർനം.601983/5.3.20) ജില്ലാഓഫീസർ, ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗവിവരം/പ്രവൃത്തിയുടെ പൂർത്തീകരണവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 1,71,650രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്ക് പ്രോജക്ടുകൾ - അപാകത.

പ്രോജക്ട് നം. 8/19-20

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനും ആയതിനുള്ള പണിക്കൂലി നൽകുന്നതിനും

ചെലവ് -438192 (വികസനഫണ്ട്)

തെരുവുവിളക്കുകൾ നന്നാക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് സൂചിപ്പിച്ച കുന്താനത്ത് ഇലക്ട്രിക്കൽസ് പാലാ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുകയും 1,73,380 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.(ബിൽ നം.15/6.9.19)അറ്റകുറ്റപ്പണികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കായ 129 രൂപ രേഖപ്പെടുത്തിയ മുട്ടത്ത് ഏജൻസീസിന് 2,64,812 രൂപയും (ബിൽ നം. 23/12.12.19)നൽകിയിട്ടുണ്ട്.13 വാർഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതായി വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് അറ്റകുറ്റപ്പണികൾ നടത്തിയത് എന്ന് രേഖപ്പെടുത്തി കെ എസ് ഇ ബി അസി എഞ്ചിനിയർ/ഓവർസിയറുടെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/25.6.21ന് പുതിയതായി സ്ട്രീറ്റ് ലൈൻ വലിച്ച പോസ്റ്റുകളിൽ ബൾബും അനുബന്ധഉപകരണങ്ങളും സ്ഥാപിക്കുമ്പോൾ മാത്രമാണ് കെ എസ് ഇ ബി യിൽ നിന്ന് പൂർത്തീകരണസാക്ഷ്യപത്രം ലഭിക്കുകയുള്ളൂ എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.എന്നാൽ അറ്റകുറ്റപ്പണികൾക്കും മേല്പറഞ്ഞ നടപടിക്രമം ബാധകമായതിനാൽ കെ എസ് ഇ ബിയുടെ പൂർത്തീകരണസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## <u>1-13 ഐ.സി.ഡി.എസ് -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ.</u>

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള അങ്കണവാടികളിലേക്ക് മാവേലി സ്റ്റോറുകളിൽ നിന്ന് വാങ്ങുന്ന ഭക്ഷണസാധനങ്ങൾ ,അമൃതം ന്യൂട്രിമിക്സ് എന്നിവ ഐ.സി.ഡി.എസ് സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിൽ അപാകത കാണുന്നു.ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ് വിശദാംശങ്ങൾ ചേർക്കാതെ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങളുടെ അളവുകൾ മാത്രമാണ് ചേർക്കുന്നത്.ഇതുമൂലം ഏത് ഇൻവോയ്സ് പ്രകാരമുള്ള വിലയാണ് മാവേലി സ്റ്റോറുകളുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കു നല്കിയതെന്ന് തിരിച്ചറിയുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നു.കൂടാതെ കയറ്റിറക്കുകൂലി വാഹനങ്ങൾക്കുനല്കുന്നത് കിലോഗ്രാം കണക്കിലാണെന്നതിനാലും ഇൻവോയ്സ് വിശദാംശങ്ങൾ സ്റ്റോക്കിലുൾപ്പെടുത്തുന്നത് അവശ്യം ചെയ്യേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നത് മതിയായ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയാണെന്ന് നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പാക്കേണ്ടതാണ്.

## <u>1-14 ജാഗ്രതാസമിതി - തനതുഫണ്ട് ചെലവിലെ വ്യത്യാസം ക്രമീകരിച്ചില്ല.</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ 17/20ാം നമ്പർ ജാഗ്രതാസമിതി പ്രോജക്ട് പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിൽ 162029/ രൂപയാണ്.വികസനഫണ്ടിൽ നിന്ന് 120000/രൂപയും,തനത് ഫണ്ടിൽ നിന്ന് 42029/രൂപയുമുൾപ്പെടെയുള്ളതാണ് പ്രസ്തുത ചെലവ്.എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം കമ്യൂണിറ്റി വുമൺ ഫസിലിറ്റേറ്ററുടെ നവംബർ മാസത്തിലെ വേതനമായ 15000/ രൂപയുൾപ്പെടെ തനതുഫണ്ടിൽ നിന്നുള്ള ആകെ ചെലവ് 57029/രൂപയാണ്.എന്നാൽ പ്രസ്തുത 15000/രൂപയുടെ ചെലവ് സുലേഖ കണക്കുകളിലുൾപ്പെടുത്തിയിട്ടില്ല.

അപാകത പരിഹരിച്ച് കണക്കുകൾ കൃത്യമാക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിംഗ് സംവിധാനം ഇതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 എസ്.സി വിദ്യാർഥികൾക്ക് പഠനമുറി -പൂർത്തീകരിച്ചില്ല.

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ എസ്.സി വിദ്യാർഥികൾക്ക് പഠനമുറി എന്ന 11ാം നമ്പർ പ്രോജക്ട് പ്രകാരം ചുവടെ ചേർക്കുന്ന കുട്ടികൾക്ക് പഠനമുറി നിർമ്മാണത്തിന് വികസനഫണ്ടിൽ നിന്ന് മുൻകൂറായി തുക നല്കിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയില്ല.

| ക്രമനമ്പർ | വിദ്യാർഥി/ രക്ഷിതാവിന്റെ പേര് . | കൈപ്പറ്റിയതുക | ബിൽ വിവരം |
|---|---|---|---|
| 1 | ദേവനന്ദ അനിൽ അനിൽ.കെ.ടി കുന്നേമലയിൽ | 100000/ | 13/19-20/8-11-19, 15/19-20/28-12-19 |
| 2 | ബിന്ദു നന്ദകുമാർ പുതിയപറമ്പിൽ | 100000/ | 13/19-20/8-11-19, 17/19-20/31-1-20 |
| 3 | സാന്ദ്ര ബിജു കള്ളിയ്ക്കൽ | 100000/ | 13/19-20/8-11-19, 18/19-20/21-1-20 |
| | | 300000/ | |

എല്ലാ ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-16 ആശ്രയപദ്ധതി- ഭവനപുനരുദ്ധാരണം പൂർത്തിയായില്ല.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ 69/20 നമ്പർ പ്രോജക്ട് പ്രകാരം ആശ്രയ പദ്ധതി ഗുണഭോക്താക്കളായ വത്സമ്മ,ചീങ്കല്ലേൽ,സുമംഗലി സൗദം,കോട്ടയിൽ എന്നിവരുടെ വീടുകളുടെ

പുനരുദ്ധാരണ പ്രവൃത്തികൾക്കായി യഥാക്രമം 40000/രൂപ(വികസനഫണ്ട് - 30000/,തനത് ഫണ്ട് -10000/),20000/(വികസനഫണ്ട്)രൂപ വീതം നല്കുകയുണ്ടായി .എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാനതുക കൈപ്പറ്റുകയുണ്ടായില്ല.ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -കാലിത്തീറ്റ കൈപ്പറ്റിയില്ല-സബ്സിഡി തുക തിരികെ വാങ്ങാത്തത്.

പ്രോജക്റ്റ് നം.28/20

വിഭാഗം. ജനറൽ

അടങ്കൽ-10,00,00/-

പദ്ധതി വിഹിതം -2,50,000 (6250X40) (പൊതുവിഭാഗം (സാധാരണ)

സംസ്ഥാനാവിഷ്കൃത ഫണ്ട്- 2,50,000 (6250x40)

ഗുണഭോക്തവിഹിതം - 500000 (12500x40)

ഗുണഭോക്താക്കളുടെ എണ്ണം - 40

ചെലവ്- 2,50,000/- ബിൽ നം 4/19-20 തീയതി- 31.12.21

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 40 ഗുണഭോക്താക്കളുടെ വിഹിതം 6250x40-2,50,000 കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്ററൻ്റ്ഡയറക്ടറുടെ അക്കൗണ്ട് നം 708011400000050 ലേയ്ക്ക്നൽകി. ഫീഡ് കൈപ്പറ്റാത്ത ഗുണഭോക്താവിൻ്റേതായി നൽകിയ സബ്സിഡി തുക തിരികെ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗുണഭോക്താവിൻ്റെ പേര് | ആനിയമ്മ ജോസഫ്<br>പടിഞ്ഞാറെ കൈതക്കൽ |
| ഫീഡ് വാങ്ങിയ കാലയളവ് | 17/03/2020-13/10/2020 |

ഫീഡ് കൈപ്പറ്റാത്ത ഗുണഭോക്താവിൻ്റേതായി നൽകിയ സബ്സിഡി തുകയിലെ പഞ്ചായത്ത് വിഹിതം തിരികെ വാങ്ങാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-18 കരാറുകാരനിൽ നിന്നീടാക്കിയ പിഴത്തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായില്ല.

റോഡിതര മെയിൻ്റനൻസ് ഗ്രാൻ്റ് ഉപയോഗിച്ച് കൃഷിഭവൻ അറ്റകുറ്റപ്പണിക്ക് വേണ്ടി 114/2020 ആയി ആസൂത്രണം ചെയ്ത പ്രവൃത്തിയുടെ കരാർ എടുത്തത് പി .എൻ. സുധാകരൻ ആയിരുന്നു. പ്രോജക്ടിൻ്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 230202 {MG(NR)} |
| ഐ.റ്റി(-) | 2302 |
| വെൽഫയർ ഫണ്ട്(-) | 2302 |
| | |

| | |
|---|---|
| കരാറുകാരൻ | 225598 |
| പിഴ(-) | 2256 |
| പിഴ കുറച്ച് കരാറുകാരന് നല്കിയത് | 223342 |
| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക | 227946 |

ആകെ വേലമൂല്യമായ 230202 /-രൂപയിൽ നികുതി കിഴിച്ച് കരാറുകാരന് നല്കേണ്ടത് 225598/- രൂപയായിരുന്നു.യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് പിഴയായി 2256/- രൂപ കുറച്ച് 223342/- രൂപയാണ് കരാറുകാരന് നല്കിയത്. പിഴതുക ബിൽ പ്രകാരം പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് നല്കുന്നതിന് പകരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയിൽ കുറവ് ചെയ്യുകയാണ് ചെയ്തത്. ഇതുമൂലം പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ട 2256/- രൂപ നഷ്ടപ്പെട്ടു.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(1) മറുപടിയായി തുക സംസ്ഥാനസർക്കാറിന് ലഭിച്ചു എന്ന് മറുപടി നല്കിയിട്ടുണ്ട്. സമാനരീതിയിലുള്ള അപാകത ആവർത്തിക്കാതിരിക്കാനും പഞ്ചായത്ത് ഫണ്ടിൽ ലഭിക്കേണ്ട തുക ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ബാധ്യസ്ഥയാണ്.

## 1-19 കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ - മുതൽ കൂട്ടിയില്ല..

വിവിധ മരാമത്ത് പ്രവൃത്തികളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്ലെഡ്ജ് ചെയ്ത് നല്കിയിട്ടുള്ള സ്ഥിരനിക്ഷേപ സാക്ഷ്യപത്രങ്ങൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ ഡിഫക്ട്സ് ലയബിലിറ്റി കാലാവധി കഴിഞ്ഞ് 28 ദിവസങ്ങൾക്ക് ശേഷം കരാറുകാർക്ക് മടക്കി നല്കാവുന്ന സർട്ടിഫിക്കറ്റ് വർഷങ്ങൾക്ക് ശേഷവും മടക്കി വാങ്ങാത്ത സാഹചര്യം നിലവിലുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | കരാറുകാരൻ | നിക്ഷേപ സർട്ടിഫിക്കറ്റിന്റെ സ്വഭാവം | നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 34568/5-3-15 | 1250 |
| 2 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 33879/1810-2014 | 10000 |
| 3 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 33880/18-10-2014 | 10000 |
| 4 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 34464/9-2-2015 | 6500 |

| | | | | |
|---|---|---|---|---|
| 5 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 34569/5-3-2015 | 1250 |
| 6 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 34570/5-3-2015 | 2000 |
| 7 | ബാലകൃഷ്ണൻ സി എൻ | കടുത്തുരുത്തി സർവ്വീസ് സഹകരണബാങ്ക് FD | 33881/18-10-2014 | 10000 |
| 8 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 69cc/253754 6-6-2013 | 1000 |
| 9 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 67cc/886156 | 1000 |
| 10 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 67cc/886693 | 1000 |
| 11 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 67cc/886694 | 1000 |
| 12 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 32BB/385179 | 500 |
| 13 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 32BB/385197 | 500 |
| 14 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 57DD/998389 | 5000 |
| 15 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 67CC/886717 | 1000 |
| 16 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 32BB/385065 | 500 |

| | | | | |
|---|---|---|---|---|
| 17 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 31BB/748694 | 500 |
| 18 | ബാലകൃഷ്ണൻ സി എൻ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 32BB/385068 | 500 |
| 19 | ഷെബിൻ സബാസ്റ്റ്യൻ | എസ് ബി റ്റി സേവിംഗ്സ് | 67306544475 | 18250 |
| 20 | ഷെബിൻ സബാസ്റ്റ്യൻ | ട്രഷറി സേവിംഗ്സ് | JJ986999 | 18250 |
| 21 | സനൽകുമാർ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 31BB/748362 | 500 |
| 22 | സനൽകുമാർ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 31BB/748358 | 500 |
| 23 | സനൽകുമാർ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 31BB/748357 | 500 |
| 24 | സനൽകുമാർ | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 67CC/886994 | 1000 |
| 25 | ഐസക് സി | ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് സേവിംഗ്സ് | 15019/P/10-10-14 | 9000 |
| 26 | ഐസക് സി | ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് സേവിംഗ്സ് | 6730/P/24-11-2009 | 2700 |
| 27 | ഐസക് സി | ചൂണ്ടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് സേവിംഗ്സ് | 12809/P/3-10-13 | 10000 |
| 28 | ചന്ദ്രശേഖരൻ | എസ് ബി റ്റി സേവിംഗ്സ് | 67248367153 | 1022 |
| 29 | ചന്ദ്രശേഖരൻ | എസ് ബി റ്റി സേവിംഗ്സ് | 67298911233 | 1963 |

| | | | | |
|---|---|---|---|---|
| 30 | ചന്ദ്രശേഖരൻ | എസ് ബി റ്റി സേവിംഗ്സ് | 67297074180 | 9307 |
| 31 | ചന്ദ്രശേഖരൻ | ട്രഷറി സേവിംഗ്സ് | JJ986002 | 35000 |
| | | ആകെ | | 161492 |

കാലാവധി കഴിഞ്ഞശേഷവും മടക്കി വാങ്ങാത്ത നിക്ഷേപ സാക്ഷ്യ പത്രങ്ങൾ മടക്കിവാങ്ങേണ്ട തീയതി മുതല് 3 വർഷം കൂടി സൂക്ഷിച്ച ശേഷം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നിരിക്കെ ഇത്തരത്തിൽ 2009 വർഷം മുതലുള്ള നിക്ഷേപ സാക്ഷ്യപത്രങ്ങൾ നിഷ്ക്രിയമായി സൂക്ഷിക്കുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 3/23.06.21 മറുപടിയായി പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഓരോ സർട്ടിഫിക്കറ്റ് വിവരവും പുനപരിശോധിച്ച് കാലഹരണപ്പെട്ടവ പണമാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ടെണ്ടർഫാറവില പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല.

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻണ്ടർ ചെയ്യുന്നവയുടെ ടെണ്ടർഫീസ് സ്വീകരിക്കുന്നതിനായി സ ഉ (സാധാ) 3186/17തീ02/10/2017 പ്രകാരം സ്റ്റേറ്റ്ബാങ്ക് ഓഫ് ഇൻഡ്യയുടെ ഭരണങ്ങാനം ബ്രാഞ്ചിൽ 37190411984 നമ്പരായി കറന്റ് അക്കൗണ്ട് ആരംഭിച്ചിരുന്നു. 2019 ൽ ആരംഭിച്ച അക്കൗണ്ടിലെ വരവ് സംബന്ധിച്ച് ഓഡിറ്റ് തീയതി വരെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥക്ക് അറിവുണ്ടായിരുന്നില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് എടുക്കുകയും 4-1-2020 വരെ പ്രസ്തുത അക്കൗണ്ടിൽ 38863/- രൂപ വരവ് ഉറപ്പുവരുത്തുകയും ചെയ്തു. പ്രസ്തുത തുക ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. അക്കൗണ്ടിൽ വരുന്നതുകയുടെ കൃത്യത ഉറപ്പ് വരുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിന് നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-21 നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴ ഇല്ലാതെയും തുടർന്ന് 10 ദിവസംകൂടി 1% പിഴ ഈടാക്കിയും പ്രവൃത്തികളുടെ കരാർ വയ്ക്കാവുന്നതാണ്. ആയത് സെലക്ഷൻ നോട്ടീസിൽ വ്യക്തമാക്കിയിരിക്കണം എന്നും വ്യവസ്ഥയുണ്ട്. എന്നാൽ സെലക്ഷൻ നോട്ടീസ് പ്രകാരമുള്ള സമയപരിധി കഴിഞ്ഞവരെയും പിഴ ഈടാക്കാതെ കരാർവയ്ക്കാൻ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പ്രോജക്റ്റ് | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയോട് കൂടി കരാർ വക്കാവുന്ന | കരാർ വച്ച തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ (സെലക്ഷൻ നോട്ടീസ് പ്രകാരം) | കരാറുകാരൻ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വക്കാവുന്ന അവസാന തീയതി | അവസാന തീയതി | | | |
| 152/20 നരിയങ്ങാനം വാഴയിൽ ഭാഗം തേവർപാടം റോഡ് കോൺക്രീറ്റിംഗ് | 16-02-2019 | 26-02-2019 | 01-03-2019 | 2000 | ഷാജിമാത്യൂ |
| 146/20 പ്രവിത്താനം -ഉള്ളനാട് കുടിവെള്ള പദ്ധതി | 16-02-2019 | 26-02-2019 | 05-03-2019 | 4500 | പി എൻ സുധാകരൻ |
| | | ആകെ | | 6500.00 | |

നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 2/23.06.21 മറുപടിയായി കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിച്ചിട്ടുണ്ട്.സമാനരീതിയിലുള്ള അപാകത ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 600000 | ലൈഫ് ഭവനനിർമ്മാണം | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 2096900 | ലൈഫ് ഭവനനിർമ്മാണം | 2096900 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 100000 | ക്ഷീരകർഷകർക്ക് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 188905 | പാലിയേറ്റീവ് കെയർ വിഹിതം | 188905 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 87800 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 87800 | 0 |
| **ആകെ** | **3073605** | | 3073605 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 1275000 | ലൈഫ് ഭവനനിർമ്മാണം | 1275000 | 00 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 284500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 284500 | 0 |
| **ആകെ** | **1559500** | | **1559500** | **0** |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെൽട്രോൺ | വിവിധ (30/20) വാർഡുകളിൽ സോളാർ തെരുവുവിളക്കുകൾ സ്ഥാപിക്കൽ | 987000 | 0 | 987000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്കായി മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-കെ യു അർ ഡി എഫ് സി ലോൺ | ജി.ഒ(എം.എസ്) 68/2018, 18.05.2018, ജിഒ(എം.എസ്) 100/2018, 30.07.2018, കരാർ നം.04/18-19 | 4453602 | 3200000 | 337131 | 0 | 7316471 |
| ആകെ | | 4453602 | 3200000 | 337131 | 0 | 7316471 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 489075.00 |
| തൻവർഷം നിക്ഷേപിച്ച തുക | 41685.00 |
| ആകെ | 530760.00 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 530760.00 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നം.4712/420/05-06, ഭരണങ്ങാനം സർവ്വീസ് സഹകരണ ബാങ്ക് | 30.03.2019 | 30.03.2019-29.03.2020 | 530760.00 | --- |

## 4-6 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം , തീയതി |
|---|---|---|---|---|
| 2018-19 | 2-3 | 2720.00 | സെക്രട്ടറി,പബ്ളിക് ലൈബ്രറി | 119010101444, 30.07.2019 |
| 2018-19 | 2-1 | 1250.00 | എസ്.ബി ഐ ,ഭരണങ്ങാനം | 119010400024, 21.12.2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,05,94,709.00(മുന്നിരിപ്പ് ഉൾപ്പെടെ) |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,00,57,970.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 171650/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം:**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 1,71,650/- | സലിൽ എവുജിൻ, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

**ബാധകമല്ല**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94,94-95 | എൽ.എഫ്.കെ.പി1-190/ADL/24.2.11 | 1 |
| 1995-96 | എൽ.എഫ്.കെ.പി1-190/ADL/24.2.11 | 1 |
| 1996-97 | എൽ.എഫ്.കെ.പി 11-17/09/12.1.10 | 8 |
| 1997-98 | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(1)/06.03.18 | 5 |
| 1999-2000 | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(3)/06.03.18 | 3 |

| | | |
|---|---|---|
| 2001-02 (Exp) | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(4)/06.03.18 | 1 |
| 2001-02 (DCB) | എൽ.എഫ്.കെ.പി 7-1193/07/5.10.09 | 4 |
| 2003-04(DCB) | എൽ.എഫ്.കെ.പി 11-1236/07/2.10.09/ 3.11.09 | 2 |
| 2003-04 (Exp) | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(5)/06.03.18 | 2 |
| 2005-06 | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(7)/06.03.18 | 4 |
| 2006-07 | എൽ.എഫ്.കെ.പി 7-427/15(5)/23.11.15 | 8 |
| 2007-08 | എൽ.എഫ്.കെ.പി 7-427/15(6)/23.11.15 | 2 |
| 2008-09 | കെഎസ്എ.കെടിഎം.പി 7(അദാ.2018)210(8)/06.03.18 | 5 |
| 2009-10 | എൽ.എഫ്.കെ.പി 7-1250/12/28.10.12 | 5 |
| 2010-11 | എൽ.എഫ്.കെ.പി 7-536/13/20.5.13 | 14 |
| 2011-12 | എൽ.എഫ്.കെ.പി 7-1800/17/08.12.17 | 15 |
| 2012-13 | എൽ.എഫ്.കെ.പി 7/1798/17/20.01.18 | 10 |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി7/1065/ 2016/16.08.17 | 17 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി7-1812/2016, 23.05.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി7-1799/17/ 19.01.18 | 18 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി-7/1959 /2018 | 11 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി-7/1014 /2019 | 23 |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്